# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 115 25.04.2017 ൽ മറുപടിയ്ക്ക്

## പാർട്ടി ഓഫീസും കടമുറികളും കത്തിച്ച സംഭവത്തിലെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ചെറായി എസ്.എം ഹൈസ്കൂളിന് സമീപം പാർട്ടി ഓഫീസും കടമുറികളും കത്തിച്ച സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) ചെറായി എ.കെ.ജി.വായനശാലയും, തൊട്ടടുത്ത കടമുറികളും സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടം കത്തി നശിച്ചതു സംബന്ധിച്ചുള്ള കേസ് (മുനമ്പം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 985/15) ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈം നമ്പർ 09/CR/OCW-II/EKM/2016 പ്രകാരം 20/02/2016 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി നാളിതുവരെ 108 സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും, സംശയിക്കപ്പെടുന്നവരുടെ മൊബൈൽ ഫോൺ കോൾ വിവരങ്ങൾ ശേഖരിച്ചും, കൃത്യസ്ഥലത്തുനിന്നും ശേഖരിച്ച വസ്തുക്കളുടെ സാമ്പിൾ ശാസ്ത്രീയ പരിശോധനയ്ക്ക് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് അയച്ചും വൈദ്യുതി/അഗ്നി ശമന എന്നീ വിഭാഗങ്ങളിൽ നിന്നും റിപ്പോർട്ടുകൾ വാങ്ങിയും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ ചെറായി എ.കെ.ജി. വായനശാലയും, തൊട്ടടുത്ത കടമുറികളും സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടം കത്തി നശിച്ചതുമായി ബന്ധപ്പെട്ട് കൃത്യമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഈ കേസിലേയ്ക്ക്, സംശയിക്കുന്നവരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ടി സംഭവം സംബന്ധിച്ച് നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെപ്പറ്റി വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സംഭവത്തിൽ നടന്ന ഗൂഡാലോചനയെ കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രതികളെ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; പ്രതികൾക്കെതിരെ കുറ്റപത്രം എന്ന് സമർപ്പിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി നടത്തിവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ കണ്ടെത്താനായിട്ടില്ല. പ്രതികളെ കണ്ടെത്തുകയും തുടർന്ന് കേസിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.